പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 3785 26-06-2012-ൽ മറുപടിയ്ക്ക്

## സർക്കസ് കലാകരന്മാർക്ക് പെൻഷൻ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.കെ.കുഞ്ഞമ്മത് മാസ്റ്റർ | | ശ്രീ.കെ.ബി.ഗണേഷ്കുമാർ (വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി) | |
| (എ) | അവശതയനുഭവിക്കുന്ന സർക്കസ് കലാകാരന്മാരുടെ ക്ഷേമത്തിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കുമോ ; | (എ) | അവശതയനുഭവിക്കുന്ന സർക്കസ് കലാകാരന്മാർക്ക് നിലവിൽ 500 രൂപ പ്രതിമാസം പെൻഷൻ നൽകി വരുന്നു. |
| (ബി) | പ്രസ്തുത കലാകാരന്മാർക്ക് പെൻഷൻ നൽകിവരുന്നുണ്ടോ ; | (ബി) | നിലവിൽ 1239 സർക്കസ് കലാകാരന്മാർക്ക് പെൻഷൻ നൽകിവരുന്നു. |
| (സി) | എങ്കിൽ അതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ? | (സി) | മാനദണ്ഡങ്ങൾ ചുവടെ ചേർക്കുന്നു.<br><br>45 വയസ്സിനു മുകളിലുള്ള പുരുഷന്മാർക്കും 35 വയസ്സിനു മുകളിലുള്ള സ്ത്രീകൾക്കും പെൻഷന് അപേക്ഷിക്കാവുന്നതാണ്. 1500/- രൂപയാണ് അപേക്ഷകരുടെ വരുമാനപരിധി പ്രതിമാസം 500/- രൂപ നിരക്കിൽ പെൻഷൻ അനുവദിച്ചു നൽകിവരുന്നു. കുറഞ്ഞത് പതിനഞ്ചു വർഷമെങ്കിലും സർക്കസ് പ്രകടനത്തിൽ ഏർപ്പെട്ടിട്ടുള്ളവർക്കു മാത്രമേ ഈ പദ്ധതിയനുസരിച്ചുള്ള ധനസഹായത്തിന് അർഹതയുള്ളൂ. എന്നാൽ സർക്കസ് പ്രകടനത്തിനിടയിൽ അപകടം സംഭവിച്ചവർക്ക് പ്രായ പരിധിയും 15 വർഷമെന്ന നിബന്ധനയും ബാധകമല്ല. ഇവർ ആവശ്യമായ രേഖകളും മെഡിക്കൽ സർട്ടിഫിക്കറ്റും സഹിതം അപേക്ഷ ബന്ധപ്പെട്ട ജില്ലാ കളക്ടർക്ക് സമർപ്പിക്കണം. ഒരു |

സ്ഥാപനം 'സർക്കസ് കമ്പനി' എന്ന വിഭാഗത്തിൽ വരുന്നുണ്ടോയെന്ന് ആ സ്ഥാപനം സ്ഥിതി ചെയ്യുന്ന ജില്ലയിലെ ജില്ലാ കളക്ടർ സാക്ഷ്യപ്പെടുത്തേണ്ടതാണ്. കേരളീയരായ സർക്കസ് കലാകാരന്മാർക്കു മാത്രമേ ഈ പദ്ധതിയനുസരിച്ചുള്ള ധനസഹായത്തിന് അർഹതയുള്ളൂ. ജനനതീയതി, വരുമാനം എന്നിവ തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റും അപേക്ഷയോടൊപ്പം ഹാജരാക്കേണ്ടതാണ്. വരുമാനം തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റ് വില്ലേജ് ഓഫീസറുടെ പദവിയിൽ കുറയാത്ത ഒരു റവന്യൂ ഉദ്യോഗസ്ഥനിൽ നിന്നായിരിക്കേണ്ടതാണ്. അപേക്ഷകൻ പെൻഷൻ അർഹിക്കുന്നുണ്ടോയെന്ന് തഹസീൽദാർ അന്വേഷണം നടത്തി ജില്ലാ കളക്ടർക്ക് റിപ്പോർട്ട് സമർപ്പിക്കേണ്ടതാണ്. നിലവിൽ സർക്കസ് പെൻഷൻ വാങ്ങുന്നവർ വർഷത്തിലൊരിക്കൽ ലൈഫ് സർട്ടിഫിക്കറ്റ് സമർപ്പിക്കേണ്ടതാണ്. സർക്കസ് പെൻഷന് അപേക്ഷിക്കുമ്പോൾ അപേക്ഷകന്റെ/ അപേക്ഷകയുടെ സ്വന്തം വരുമാനം മാത്രം കണക്കാക്കിയാൽ മതി.

സെക്ഷൻ ഓഫീസർ